"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എൽ.എ.സി - എ.ഡി.എസ് - കാസർഗോഡ് ജില്ല - ഉദുമ നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ് , തെക്കിൽപറമ്പ സ്കൂളിന് ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.369/2026/GEDN    തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. 09.12.2016 - ലെ സ.ഉ (പി) നമ്പർ. 178/16/ധന
2. 05.03.2019 - ലെ സ.ഉ (സാധാ) നമ്പർ. 1648/19/ധന
3. 05.03.2025 - ലെ സർക്കുലർ നമ്പർ. 19/25/ധന
4. കാസർഗോഡ് ജില്ലാ കളക്ടറുടെ 25.07.2025 - ലെ JD/LSGD/KSD/3009/2024/D4/17562 നമ്പർ നടപടിക്രമം
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.08.2025 - ലെ ബി 2/17691/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ഉദുമ നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2024-25) നിന്നും ജി.യു.പി.എസ് , തെക്കിൽപറമ്പ സ്കൂളിന് ' 4202-01-800-84 - Projects under LAC - ADS - Other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും 24,28,000/- രൂപ (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം) രൂപ വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ വാഹനം വാങ്ങുന്നതിനായി പ്രസ്തുത തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) - ലെ സർക്കുലറിന് അനുസൃതമായി , ഉദുമ നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ് , തെക്കിൽപറമ്പ സ്കൂളിന് ബസ് വാങ്ങുന്നതിനായി 24,28,000/- (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ

മാത്രം) രൂപ , നടപ്പുസാമ്പത്തികവർഷം ' 4202-01-800-84 - Projects under LAC - ADS - Other Projects - NP ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ , പരാമർശം (4) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ , കാസർഗോഡ്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) , തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർഗോഡ്
6. ധനകാര്യ വകുപ്പ് (03.11.2025 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 3273922 - NC - C1/82/2025 - Fin )
7. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
Date: 14-01-2026 15:40:03
സെക്ഷൻ ഓഫീസർ